37 (946) നേമം നിയോജകമണ്ഡലത്തിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽപ്പെട്ട ബാലരാമപുരം, പള്ളിച്ചൽ, നേമം, വിളപ്പിൽ, വിളവൂർക്കൽ, മലയിൻകീഴ് മാറനല്ലൂർ പഞ്ചായത്തുകളിൽ 1997-98, 1998-99 എന്നീവർഷങ്ങളിൽ നടപ്പാക്കിയ വരൾച്ചാ ദുരിതാശ്വാസപദ്ധതികളിൽ എന്തെല്ലാം പരിഹാരമാർഗ്ഗങ്ങൾ വാട്ടർ അതോറിറ്റി നടപ്പാക്കാൻ തീരുമാനിച്ചിരുന്നതായി വെളിപ്പെടുത്തുമോ;

(ബി) ഈ തീരുമാനങ്ങളിൽ നടപ്പിലാക്കിയവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) തീരുമാനപ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള തടസ്സങ്ങളുടെ കാരണം വിശദമാക്കാമോ;

(ഡി) അടുത്ത വരൾച്ചയ്ക്കു മുൻപായിത്തന്നെ തീരുമാനപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പഞ്ചായത്തുകളിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്ന പരിഹാര മാർഗ്ഗങ്ങൾ താഴെക്കുറിക്കുന്നു.

| 1997-98 | 1998-99 |
|---|---|
| 1. പള്ളിച്ചൽ : പള്ളിച്ചൽ റൂറൽ വാട്ടർ സപ്ലൈസ്കീമിന്റെ വിതരണ ശൃംഖലയുടെ സ്റ്റെബി ലൈസേഷൻ. | 1. പള്ളിച്ചൽ ഗ്രാമീണ ജലവിതരണ പദ്ധതിയുടെ പമ്പ് ഹൗസിന്റെ പ്രൊട്ടക്ഷൻ വർക്ക് ചെയ്യുക |
| 2. വിളപ്പിൽ : വിളപ്പിൽ പഞ്ചായത്തിൽ പിറകിൽ ശാസ്താം ലൈൻ, കെടിലൈൻ എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ. | 2. നിലവിലുള്ള പഴയ പള്ളിച്ചൽ ജലവിതരണ പദ്ധതിയുടെ പമ്പ്ഹൗസിന്റെ പ്രൊട്ടക്ഷൻ വർക്ക് ചെയ്യുക. |
| 3. വിളവൂർക്കൽ : വിളവൂർക്കൽ പഞ്ചായത്തിൽ ചൂഴാറ്റുകോട്ട, തരിപ്പുള്ള വിഴവൂർ-വാഴോട്ടുവിളമാവിള, പെരുകാവ്, കളിയാത്തുവിളലൈൻ, വിളവൂർ, തങ്കത്തുവിളലൈൻ, വട്ടവിള, പറയരുവിളാകം എന്നിവിടങ്ങളിലേക്കുള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, വിളവൂർക്കൽ പമ്പ് ഹൗസിൽ വോൾട്ടേജ് ബൂസ്റ്റർ സ്ഥാപിക്കുന്ന ജോലി. | 3. നിലവിലുള്ള പഴയ പള്ളിച്ചൽ ജലവിതരണ പദ്ധതിയുമായി പുതിയ പള്ളിച്ചൽ ജലവിതരണ പദ്ധതി ബന്ധിപ്പിക്കുക |
| 4. മാറനല്ലൂർ : മാറനല്ലൂർ പമ്പ് ഹൗസിൽ വോൾട്ടേജ് ബൂസ്റ്റർ സ്ഥാപിക്കുന്ന പണികൾ | 4. പള്ളിച്ചൽ പദ്ധതിയുടെ മൊട്ടമൂട് ഒ.എച്ച്. ടാങ്കിന് ചുറ്റുമതിൽ നിർമ്മിക്കുക. |
| 5. നേമം : പഞ്ചായത്തിൽ | 5. മാറനല്ലൂർ പഞ്ചായത്തിൽ |



LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| സായിനഗർ, പാപ്പനംകോട്, രാംനഗർ, നെരിപ്പിൽ, റാംനഗർ ലൈൻ, ശ്രീരാഗം തിയറ്റർ ലൈൻ, സ്റ്റുഡിയോ റോഡ്, ബ്രാഞ്ച് ലൈൻ നിയർ ടാറ്റാ നഴ്സറി, കൈമനം വിഷ്ണുനഗർ ലൈൻ, കരുമം അന്തിവിളാകം ലൈൻ, മടമ്പന ജംഗ്ഷൻ, വെട്ടിക്കുഴി എന്നീ ഭാഗങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടുന്ന ജോലി. | അണപ്പാട്ടുവരെ വിതരണ കുഴലുകൾ നീട്ടിസ്ഥാപിക്കുക. |

(ബി) 1997-98-ൽ തീരുമാനിച്ചിരുന്ന എല്ലാ പണികളും നടപ്പിലാക്കിയിട്ടുണ്ട്. 1998-99-ൽ തീരുമാനിച്ചിരുന്ന മാറനല്ലൂർ-അണപ്പാട്ടു വരെയുള്ള വിതരണക്കുഴൽ നീട്ടി സ്ഥാപിക്കുന്ന പണി ഒഴികെ മറ്റു പണികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

(സി) പള്ളിച്ചൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ പമ്പ്ഹൗസിന്റെ പ്രൊട്ടക്ഷൻ വർക്ക് സാങ്കേതിക കാരണങ്ങളാൽ റദ്ദാക്കി. പള്ളിച്ചൽ പുതിയ സ്കീം പഴയ സ്കീമുമായി ബന്ധിപ്പിക്കുന്ന പണിക്ക് 4200 മീറ്റർ പൈപ്പ് വേണ്ടതിൽ 1200 മീറ്റർ പൈപ്പിനും അതിന്റെ പണിക്കൂലിക്കുമായി പഞ്ചായത്ത് വാഗ്ദാനം ചെയ്തിരുന്ന 4.50 ലക്ഷം രൂപ ഇതുവരെയും ലഭിച്ചിട്ടില്ല. ഇതിൽ അതോറിറ്റിയിൽ നിന്നും വേണ്ടതായ 3000 മീറ്റർ പൈപ്പ് ഈ സാമ്പത്തിക വർഷം തന്നെ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഒ.എച്ച്.ടാങ്കിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പണി ടെൻഡർ ചെയ്തപ്പോൾ ക്വാട്ട് ചെയ്ത റേറ്റ് അസാധാരണമായി കൂടുതലായതുകൊണ്ട് റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

**38 (947) മണിമല ആറ്റിൽ നിന്നും വെള്ളം എടുത്ത് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി**

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കത്തോട് പഞ്ചായത്തിൽ മണിമല ആറ്റിൽ നിന്നും വെള്ളം എടുത്ത് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് എസ്റ്റിമേറ്റ്;

(സി) ഈ പദ്ധതി ഏതു സ്കീമിൽ ഉൾപ്പെടുത്തുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിക്ക് അംഗീകാരം കിട്ടുന്നതിനുവേണ്ട നടപടികൾ ത്വരിതപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly